## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3532 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അട്ടപ്പാടിയിലെ ഐ.സി.ഡി.എസ് ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് നൽകുവാൻ നടപടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ)അട്ടപ്പാടി മേഖലയിൽ ജോലി ചെയ്യുന്ന ആരോഗ്യവകുപ്പ് ജീവനക്കാർക്കും, അങ്കണവാടി ജീവനക്കാർക്കും അടിസ്ഥാന ശമ്പളത്തിന്റെ 20% പ്രത്യേക അലവൻസായി അനുവദിച്ചിട്ടുണ്ടോ; | (എ) ആരോഗ്യവകുപ്പ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20% പ്രത്യേക അലവൻസായി അനുവദിച്ചിട്ടുണ്ട്. 08.02.2016 ലെ സ.ഉ.(സാധാ) നം.74/2016/സാനീവ പ്രകാരം അങ്കണവാടി ജീവനക്കാർക്ക് 20% അധിക ഹോണറേറിയമായി ഉത്തരവ് തീയതി മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) അട്ടപ്പാടിയിൽ ജോലി ചെയ്യുന്ന ഐ.സി.ഡി.എസ് (ICDS) ജീവനക്കാർക്ക് കൂടി പ്രത്യേക അലവൻസ് നൽകുന്നത് സംബന്ധിച്ചുള്ള ഫയലിൽ സാമൂഹികനീതി ഡയറക്ടറേറ്റ് ഒരു തീരുമാനവും എടുക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഫയലിൽ തുടർനടപടി സ്വീകരിക്കുവാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വിശദീകരിക്കുമോ; | (ബി) & (സി) ഇക്കാര്യം SJD-A1/141/2016-SJD എന്ന ഫയലിൽ പരിശോധിച്ചു വരുന്നു. |
| (സി)പ്രസ്തുത ഫയലിൽ അടിയന്തിര തീരുമാനം കൈക്കൊണ്ട് അട്ടപ്പാടിയിലെ ഐ.സി.ഡി.എസ് ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് നൽകുവാൻ ഉടൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ